**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 644**

**31/10/2011-ൽ മറുപടിക്ക്**

## ഭവനശ്രീ പദ്ധതി

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീമതി. കെ. കെ. ലതിക:**<br>**ശ്രീ. പി. ശ്രീരാമകൃഷ്ണൻ:**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്:**<br>**ശ്രീമതി. കെ. എസ്. സലീഖ:** | **ഡോ. എം. കെ. മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) മുൻസർക്കാരിന്റെ കാലത്ത് കുടുംബശ്രീ നടപ്പാക്കിയ 'ഭവനശ്രീ പദ്ധതി' യുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശ ദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്.കുടുംബശ്രീ മുഖേന ഭവനശ്രീ പദ്ധതിക്കാലയളവിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വില യിരുത്തുകയും പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി സുഗമമായി നിലനിർത്തിക്കൊണ്ടു പോകുന്നതി നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആവി ഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി കുടുംബശ്രീയുടെ ഔദ്യോഗിക ഓഡിറ്റിംഗ് ഏജൻസിയായ കുടുംബശ്രീ അക്കൗണ്ട്സ് & ഓഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി (കാസ്സ്) നേരിട്ട് നടത്തുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിൽ നിന്ന് വീട് വയ്ക്കാൻ ലോണെടുത്ത കുടുംബങ്ങൾ ജപ്തിഭീഷണി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) ദരിദ്രരായ ഗുണഭോക്താക്കൾക്ക് വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാതെവന്നപ്പോൾ വായ്പ ഏറ്റെടുത്ത മുൻ സർക്കാരിന്റെ നടപടി പിന്തുടരുമോ? | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളുടെ വായ്പ സർക്കാർ ഏറ്റെടുക്കു കയും പ്രമാണങ്ങൾ തിരികെ ക്കൊടുക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ ഭവനശ്രീ വായ്പ കളിൻമേലുള്ള ബാധ്യത കൂടി ഏറ്റെടുക്കുന്ന കാര്യം പരിശോ ധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**